**കേരള സർക്കാർ**

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**

**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**


---


**പത്രക്കുറിപ്പ് 1 'ഭരണഭാഷ-മാതൃഭാഷ' 2019 ജൂൺ 11 ചൊവ്വ**


---

# കടലാക്രമണം: ഒറ്റമശ്ശേരിയിൽ കല്ലിടൽ മൂന്നുദിവസത്തിനകം തുടങ്ങും : ജില്ല കളക്ടർ

ആലപ്പുഴ: കടലാക്രമണം രൂക്ഷമായ ചേർത്തല ഒറ്റമശ്ശേരി ഭാഗത്തെ നാശഭീഷണി നേരിടുന്ന വീടുകൾക്ക് സംരക്ഷണം നൽകാനുള്ള കല്ലിടൽ മൂന്നുദിവസത്തികം ആരംഭിക്കുമെന്ന് ജില്ല കളക്ടർ എസ്. സുഹാസ് പറഞ്ഞു. ഒറ്റമശ്ശേരിയിൽ കടലാക്രമണം നേരിട്ട പ്രദേശങ്ങൾ സന്ദർശിക്കുകയായിരുന്നു അദ്ദേഹം. എത്രയും പെട്ടെന്ന് വീടുകളുടെ കടൽതീരത്തോടു ചേർന്നുള്ള ഭാഗത്ത് കല്ലിട്ട് സംരക്ഷണം നൽകും. ഇതിനായി കാലതാമസം വരുന്ന നടപടിക്രമങ്ങൾ ഒഴിവാക്കി അടിയന്തിരമായി ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ജില്ല കളക്ടർ പറഞ്ഞു.

ഒറ്റമശേരി ഭാഗത്ത് മൂന്നു പുലിമുട്ടുകൾ ആവശ്യമാണെന്ന് ബോധ്യമായിട്ടുണ്ട്. ഇത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേക്ക് കളക്ടർ നൽകും. മണൽച്ചാക്ക് ഇടുന്ന ഭാഗത്ത് കടലാക്രമണം കുറയ്ക്കാനായി ആവശ്യപ്പെടുന്നിടത്തോളം പ്ലാസ്റ്റിക് ടാർപോളിൽ അടിയന്തിരമായി എത്തിക്കുമെന്ന് അദ്ദേഹം പറഞ്ഞു. പുലിമുട്ടുകളുടെ കാര്യത്തിൽ ഐ.ഐ.ടി റിപ്പോർട്ട് വന്നാൽ ഇറിഗേഷൻ വകുപ്പ് തുടർ നപടികൾ വേഗത്തിൽ ചെയ്യും.ഇതിനായി തന്റെ ഭാഗത്തുനിന്ന് എല്ലാ ഇടപെടലുകളും നടത്തും. വീടുകളുടെ സംരക്ഷണത്തിലുള്ള കല്ലിടൽ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഏറ്റവും അപകടവസ്ഥയിലായിട്ടുള്ള വീടുകൾക്ക് സമീപം മണൽചാക്ക് നിറക്കുന്നതിനുള്ള മണൽ അടിയന്തരമായി ചൊവ്വാഴ്ച തന്നെ എത്തിച്ചു നൽകുന്നതിന് കളക്ടർ റവന്യൂ ഉദ്യോഗസ്ഥർക്കും ഇറിഗേഷൻ വകുപ്പിനും നിർദ്ദേശം നൽകി.

ഒറ്റമശേരിയിൽ നാലിടത്തും കാട്ടൂരിൽ നാലിടത്തും അമ്പലപ്പുഴയിൽ എട്ടിടങ്ങളിലും കല്ല് നിക്ഷേപിച്ച് വീടുകൾ സംരക്ഷിക്കുന്നതിനുള്ള ടെൻഡർ നടപടികൾ നടക്കുകയാണ്. ഈ 16 ജോലികൾക്കുള്ള അടിയന്തര പണം ഇറിഗേഷൻ ചീഫ് എൻജിനീയറുടെ ഫണ്ടിൽ നിന്ന് അനുവദിച്ചിട്ടുണ്ടെന്ന് കളക്ടറോടൊപ്പം ഉണ്ടായ

ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ ഹരൺബാബു പറഞ്ഞു. ഒറ്റമശേരിയിൽ 40 മീറ്റർ നീളത്തിലാണ് ടെൻഡർ ചെയ്തിട്ടുള്ളത്. ഈ ഭാഗത്ത് 13 വീടുകൾ അപകടവസ്ഥയിലും കടലാക്രമണ ഭീഷണിയിലുമാണ്. ഇതിൽ 5 വീടുകളുടെ നില ഏറെ മോശമാണ്. കളക്ടറോടൊപ്പം ചേർത്തല തഹസിൽദാർ പി.ജി. രാജേന്ദ്രബാബു, റവന്യൂ ഉദ്യോഗസ്ഥർ, ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഉണ്ടായിരുന്നു. കടൽക്ഷോഭത്തിന്റെ കെടുതികൾ കുറയ്ക്കാൻ സാധ്യമായ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് ഒരു വിഭാഗം തീരദേശ റോഡ് ഗതാഗതം തടസ്സപ്പെടുത്തിയിരുന്നു.

## ഒററമശ്ശേരിയിൽ കൈത്താങ്ങായി എ.ഡി.ആർ.എഫ്

ഒറ്റമശ്ശേരിയിൽ കടലാക്രമണമുണ്ടായ ഭാഗത്ത് മണൽ ഭിത്തിയൊരുക്കുന്നതിനും മണൽച്ചാക്ക് നിക്ഷേപിക്കുന്നതിനും ആലപ്പി ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സും രംഗത്തുണ്ടായി. അടിയന്തിര സാഹചര്യങ്ങളിൽ പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരെ ദുരന്ത നിവാരണ പ്രവർത്തനത്തിന് നിയോഗിക്കുന്നതിന് രൂപം നൽകിയതാണ് ആലപ്പി ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്. ഇവരുടെ 40 പേരടങ്ങുന്ന സംഘം ഇന്നലെ രാത്രി തന്നെ ഒറ്റമശ്ശേരിയിൽ കടലാക്രമണം നേരിടുന്ന പ്രദേശങ്ങളിൽ എത്തി മണൽച്ചാക്ക് നിരത്തുന്ന ജോലികളിൽ ഏർപ്പെട്ടു. ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പല ഘട്ടങ്ങളായി പരിശീലനം ലഭിച്ചിട്ടുള്ളവരാണ് ഇവർ. സമീപ വാസികളും ഇവരോടൊപ്പം കൂടി.

(ചിത്രമുണ്ട്)

# എൻ.ടി.ബി.ആർ.എസ്. ജനറൽബോഡി 16ന്

ആലപ്പുഴ: നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റിയുടെ ഭരണസമതിയോഗം ഈമാസം 16ന് ഉച്ചയ്ക്ക് 12നും ജനറൽബോഡി 12.30നും കളക്ട്രേറ്റ് കോണൺഫ്രൻസ് ഹാളിൽ ചേരും. സൊസൈറ്റി ചെയർമാനായ ജില്ല കളക്ടർ അധ്യക്ഷത വഹിക്കും.

# ഐ ആം ഫോർ ആലപ്പി;രാമോജിഫിലിം സിറ്റിയുടെ 120 വീടുകൾ ജൂലൈയിൽ പൂർത്തിയാകും

ആലപ്പുഴ: ഐ ആം ഫോർ ആലപ്പിയുടെ നേതൃത്വത്തിൽ ഹൈദ്രാബാദ് രാമോജി ഫിലിം സിറ്റി പ്രളയത്തിൽ വീട് തകർന്നവർക്ക് നിർമിച്ചുനൽകുന്ന 120 വീടുകളുടെ നിർമാണം ജൂലൈ അവസാനത്തോടെ പൂർത്തിയാകും. രാമോജിയുടെ സഹായത്തോടെ കുടുംബശ്രീയെ കൊണ്ടാണ് ഈ വീടുകൾ പണികഴിപ്പിക്കുന്നത്. ഇതിലൂടെ തദ്ദേശീയരായ കുടുംബശ്രീയിലെ സ്ത്രീകൾക്ക് തൊഴിൽ ലഭ്യമാക്കുകയെന്ന ലക്ഷ്യവും സാധ്യമാക്കുകയാണ്. ഐ ആം ഫോർ ആലപ്പി, ബാലചന്ദ്ര സുങ്കുവിന്റെ അഭയ ഫൗണ്ടേഷന്റെ സഹായത്തോടെ കുട്ടനാട്ടിൽ നിർമിച്ചു നൽകുന്ന നാലാമത്തെ

വീടിൻറെ താക്കോൽദാനം ആലപ്പുഴ ആർ ഡി ഒ ഓഫീസിൽ വച്ച് സബ്കളക്ടർ കൃഷ്ണതേജ നിർവഹിച്ചു. അഭയ ഫൗണ്ടേഷൻ നിർമിച്ചുനൽകുന്ന നാലാമത്തെ വീട് ലഭിച്ചത് നെഹ്റുട്രോഫി വാർഡിലെ പനക്കൻച്ചിറ ലതാ സണ്ണിക്കാണ്. ആറര ലക്ഷം രൂപയാണ് ഇതിനു ചെലവായത് . നിലവിൽ എല്ലാംകൂടി അയാം ഫോർ ആലപ്പി വഴി 350 ഓളം വീടുകൾ ഭാഗികമായോ പുതുതായി നിർമിച്ചു നൽകുന്നതോ ആയ പ്രവർത്തനം നടന്നുവരികയാണ് . കഴിഞ്ഞ പ്രളയത്തിൽ ലത സണ്ണിയുടെ വീട് പൂർണമായി തകർന്നു. ഏറെ ശ്രമകരമായ രീതിയിലാണ് പുതിയ വീട് നിർമ്മാണം പൂർത്തീകരിച്ചത്. വെള്ളക്കെട്ട് ആയതിനാൽ പല ഭാഗത്തും നിർമ്മാണസാമഗ്രികൾ എത്തിച്ചേരുന്നതിന് പണം കൂടുതൽ ചെലവായി. പ്രളയാനന്തര പുനർനിർമ്മാണത്തിന് അനുയോജ്യമായ വിധത്തിലാണ് വീട് നിർമ്മിച്ചിട്ടുള്ളത് . നിലത്തുനിന്ന് ഒന്നരമീറ്റർ മുകളിലായാണ് ഫൗണ്ടേഷൻ. അതുകൊണ്ടുതന്നെ തന്നെ ചെറിയ പ്രളയത്തിൽ വീടിന് നാശം സംഭവിക്കില്ല. നിർമ്മാണസാമഗ്രികൾ ബോട്ടിൽ എത്തിക്കുകയായിരുന്നു.

(ചിത്രമുണ്ട്)

# <u>ജലയാനങ്ങൾ തെളിഞ്ഞ കാലാവസ്ഥയിൽ സർവീസ് നടത്തണം</u>

ആലപ്പുഴ: കേരളത്തിൽ തെക്ക് പടിഞ്ഞാറൻ മൺസൂൺ ആരംഭിച്ചിട്ടുള്ള സാഹചര്യത്തിൽ വിനോദസഞ്ചാരികളുടെയും യാത്രക്കാരുടെയും സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഹൗസ്ബോട്ട്, ശിക്കാര, മോട്ടോർ ബോട്ടുകൾ എന്നിവയടക്കമുള്ള ജലയാനങ്ങൾ തെളിഞ്ഞ കാലവസ്ഥയിൽ മാത്രമേ സർവീസ് നടത്താൻ പാടുള്ളൂവെന്ന് പോർട്ട് ഓഫീസ് രജിസ്റ്ററിങ് അതോറിറ്റി അറിയിച്ചു. കൂടാതെ കാലാവസ്ഥ നിരീക്ഷണ ഏജൻസികളുടെയും, ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പുകളും നിർദ്ദേശങ്ങളും കർശനമായും പാലിക്കണമെന്നും അദ്ദേഹം നിർദ്ദേശിച്ചിട്ടുണ്ട്.

# വാഹന ലേലം

ആലപ്പുഴ:അമ്പലപ്പുഴ താലൂക്ക് സപ്ലൈ ആഫീസിലെ കെ.എൽ. 01 സി.5192 നമ്പർ അംബാസിഡർ കാർ അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസിൽ ജൂലൈ ഒന്നിന് രാവിലെ 11 മണിക്ക് പൊതുലേലം ചെയ്യും. താല്പ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിച്ചു. പ്രവർത്തി ദിവസങ്ങളിൽ അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസറുടെ മുൻകൂർ അനുമതിയോടുകൂടി വാഹനം പരിശോധിക്കാവുന്നതാണ്.ക്വട്ടേഷനുകൾ അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസർ , മിനി സിവിൽ സ്റ്റേഷൻ, ആലപ്പുഴ എന്നെഴുതിയ കവറിൽ വാഹനത്തിന്റെ നമ്പർ രേഖപ്പെടുത്തി ജൂൺ 29 വൈകിട്ട് അഞ്ചിനകം അമ്പലപ്പുഴ താലൂക്ക് സപ്ലൈ ഓഫീസിൽ നൽകണം.

# ആലപ്പുഴ ജനറൽ ആശുപത്രി: റേഡിയോളജി വിഭാഗത്തിന് നേട്ടം

ആലപ്പുഴ: ജനറൽ ആശുപത്രിയിൽ സി.റ്റി.സ്കാനിംഗിന്റെ സഹായത്തോടുകൂടി ശ്വാസകോശത്തിലും ശരീരത്തിന്റെ ഉൾഭാഗങ്ങളിലുമുള്ള മുഴകളുടെ ഭാഗങ്ങൾ പരിശോധിക്കാൻ എടുക്കുന്ന രീതി വിജയകരമായി പൂർത്തിയാക്കി റേഡിയോളജി വിഭാഗം നേട്ടം കൈവരിച്ചു. സി.റ്റി.സ്കാനിങ്ങിന്റെ സഹായത്തോടെ ചെയ്യുമ്പോൾ കൃത്യമായി മുഴയിൽ നിന്നും തന്നെ കോശങ്ങൾ എടുക്കുവാൻ സാധിക്കുന്നു. ഇതാണ് ഈ രീതിയുടെ പ്രത്യേകത. മുൻകാലങ്ങളിൽ മെഡിക്കൽ കോളേജുകളിലും, പ്രൈവറ്റ് ആശുപത്രികളിലും മാത്രമേ ഇതിനുള്ള സൗകര്യം ഉണ്ടായിരുന്നുള്ളൂ.

# എഫ്.റ്റി.എസ്. തസ്തികയിലേക്ക് നിയമനം

ആലപ്പുഴ: പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പുന്നപ്ര വടക്ക് പഞ്ചായത്തിൽ വാടയ്ക്കലിൽ പ്രവർത്തിക്കുന്ന ഡോ. അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഒഴിവുള്ള എഫ്.റ്റി.എസ്. തസ്തികയിലേക്ക് ദിവസക്കൂലിയിനത്തിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളവരെ വാക്ക് ഇൻ ഇന്റർവ്യൂവിലൂടെ തിരഞ്ഞെടുക്കുന്നു.താൽപ്പര്യമുള്ളവർ ജൂൺ 14ന് ഉച്ചയ്ക്ക് 2 മണിയ്ക്ക് ഡോ. അംബേദ്കർ മെമ്മോറിയൽ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എത്തിച്ചേരണം. നിയമനം, സ്ഥിരം നിയമനം ആകുന്നതുവരെയോ പരമാവധി ഒരു വർഷത്തേക്കോ മാത്രമായിരിക്കും. പട്ടികജാതിക്കാരുടെ അഭാവത്തിൽ മറ്റ് വിഭാഗക്കാരെ പരിഗണിക്കുന്നതാണ്.

# മുട്ടക്കോഴിക്കുഞ്ഞ് വിതരണം

ആലപ്പുഴ: കരുവാറ്റ വെറ്റനറി ഡിസ്പെൻസറിയിൽ ജൂൺ 14ന് രാവിലെ 10ന് ബി.വി.380 ഇനത്തിൽപ്പെട്ടതും ഗ്രാമശ്രീ ഇനത്തിൽപ്പെട്ടതുമായ രണ്ട് മാസം പ്രായമുള്ള പിടക്കോഴികൾ വിതരണം ചെയ്യുന്നു.

# സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ സിറ്റിങ് ജൂൺ 25ന്

ആലപ്പുഴ: സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ ജില്ലാതല സിറ്റിങ് ജൂൺ 25ന് രാവിലെ 10ന് ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽചേരും. കമ്മീഷൻ സിറ്റിങ്ങിൽ നേരിട്ട് ബോധിപ്പിക്കേണ്ട പരാതികൾ ബോധിപ്പിക്കുന്നതിനുള്ള അവസരമുണ്ടാകും.

# തണ്ണീർമുക്കം ബണ്ടിലെ മണൽത്തിട്ട നീക്കൽ വേഗത്തിൽ പുരോഗമിക്കുന്നു

ആലപ്പുഴ: കാലവർഷം എത്തിയതോടെ നീരൊഴുക്ക് വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തണ്ണീർമുക്കം ബണ്ടിന്റെ തെക്കുഭാഗത്തുള്ള മണൽത്തിട്ടകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 420 മീറ്റർ നീളത്തിലുണ്ടായിരുന്ന മണൽത്തിട്ടയുടെ മുകൾ നിരപ്പാണ് അതിവേഗത്തിൽ നീക്കം ചെയ്യുന്നത്. ഏതാണ്ട് 50 മീറ്ററോളം ഭാഗത്തെ മണൽത്തിട്ടയിലെ മണൽ നീക്കം ചെയ്തിട്ടുണ്ട്. മെയ് 30നാണ് കരാറുകാരൻ ഇതിന്റെ നടപടികൾ തുടങ്ങിയത്. ലോറികളിൽ കോരുന്ന മണ്ണ് ബണ്ടിന്റെ

കിഴക്കുഭാഗത്ത് നിക്ഷേപിക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. മഴ വ്യാപകമാകുന്നതോടെ നിലവിലെ നടപടികൾ നീരൊഴുക്ക് വർധിപ്പിക്കുമെന്ന് അസിസ്റ്റന്റ് എൻജിനിയർ ബി.അബ്ബാസ് പറഞ്ഞു.ദുരന്ത നിവാരണ നിയമപ്രകാരം തടസ്സങ്ങളെ മറികടന്നാണ് ഇപ്പോൾ നീരൊഴുക്ക് വർധിപ്പിക്കുന്ന നടപടികൾ പുരോഗമിക്കുന്നത്.

(ചിത്രമുണ്ട്)